കുടുംബശ്രീ രജതജൂബിലി ആഘോഷം

സ്ത്രീശക്തിയുടെ വേറിട്ട ശബ്ദങ്ങൾ

കുടുംബശ്രീ രജതജൂബിലി ആഘോഷ സമാപനത്തിന്റെ ഭാഗമായി പുത്തരിക്കണ്ടം മൈതാനത്ത് 'കല: ആത്മാവിഷ്കാരത്തിന്റെയും സാമൂഹ്യ മാറ്റത്തിന്റെയും മാധ്യമം' വിഷയത്തിൽ സംഘടിപ്പിച്ച പാനൽ ചർച്ചയിൽ സംവിധായിക വിധു വിൻസെന്റ് സംസാരിക്കുന്നു

സ്വന്തം ലേഖിക
തിരുവനന്തപുരം

വേറിട്ട ശബ്ദങ്ങളുടെ ശക്തിയുമായി കുടുംബശ്രീ പാനൽ ചർച്ചകൾ. സ്ഥാപകദിനാഘോഷത്തിനും രജതജൂബിലി ആഘോഷ സമാപനത്തിനും മുന്നോടിയായാണ് ചർച്ചകൾ നടന്നത്. ഒരു വർഷം നീണ്ട രജതജൂബിലി ആഘോഷത്തിന്റെ സമാപനത്തോട് അനുബന്ധിച്ച് പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിച്ച ചർച്ചാവേദിയിലാണ് വേറിട്ട ശബ്ദങ്ങൾ മുഴങ്ങിയത്. ആത്മാവിഷ്കാരത്തിന്റെയും സാമൂഹിക മാറ്റത്തിന്റെയും മാധ്യമമായി കല പ്രവർത്തിക്കുന്നതിനു സമാനമാണ് കുടുംബശ്രീയുമെന്ന് വ്യക്തമാക്കുന്നതായി ആദ്യദിനം. 'കല ആത്മാവിഷ്കാരത്തിന്റെയും സാമൂഹിക മാറ്റത്തിന്റെയും മാധ്യമം' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ മാധ്യമ പ്രവർത്തക രേഖ മേനോൻ മോഡറേറ്ററായി.

'പല പ്രതിസന്ധി ഘട്ടങ്ങളിലും പ്രചോദനം നൽകിയ നിരവധി കുടുംബശ്രീ പ്രവർത്തകർ എന്റെ ജീവിതത്തിലുണ്ട്. ഇന്ന് ലോകം ഉറ്റുനോക്കുന്ന പ്രസ്ഥാനമാണ് കുടുംബശ്രീ എന്ന് പറയുന്നതിൽ അതിശയോക്തിയില്ല. സിനിമാ രംഗത്തുകൂടി കുടുംബശ്രീ സംരംഭകരെ ഉൾപ്പെടുത്തുന്നതും അത്യാവശ്യമാണ്'– വിധു വിൻസെന്റ് പറഞ്ഞു. സമൂഹത്തെ മുന്നോട്ടുനയിക്കുന്നതിൽ വലിയ പങ്കുവഹിച്ചവരാണ് സ്ത്രീ എഴുത്തുകാർ. അതിനാൽ, എഴുതുമ്പോൾ സ്ത്രീജീവിതം അതിലേക്ക് കടന്നുവരും. എഴുത്തിലേക്ക് ഭാവനയും സൗന്ദര്യാത്മകതയും കൊണ്ടുവരാൻ വായനയ്ക്കു മാത്രമേ കഴിയൂ. സ്വന്തം ജീവിതത്തിലെ അസ്വാതന്ത്ര്യങ്ങൾ വായനയിലൂടെയും എഴുത്തിലൂടെയുമേ മനസ്സിലാക്കാൻ കഴിയൂ. അക്രമത്തിനെതിരാണ് കല. അത് മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം മനുഷ്യ സ്നേഹവും മാനവികതയുമാണ്– സി എസ് ചന്ദ്രിക വ്യക്തമാക്കി.

കേരളത്തിലെ സ്ത്രീകളെ അങ്ങേയറ്റം സ്വാധീനശേഷിയുള്ള മനുഷ്യരാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ് കുടുംബശ്രീയെന്ന് കവിത ബാലകൃഷ്ണൻ പറഞ്ഞു. പെൺസാഗരമായ കുടുംബശ്രീയിലെ ഒരു കണികയായതിൽ അഭിമാനം മാത്രമാണെന്നും അവർ കൂട്ടിച്ചേർത്തു.

വനിതാ സംരംഭകർ, സാമൂഹികമാറ്റത്തിനുള്ള ചാലക ശക്തികൾ എന്ന വിഷയത്തിലെ പാനൽ ചർച്ചയിൽ ഡോ. നിർമല സാനു ജോർജ് മോഡറേറ്ററായി.

സമൂഹത്തിൽ ആൺകോയ്മ വ്യവസ്ഥ രൂപപ്പെടുത്തിയ വെല്ലുവിളികളെ നേരിടാൻ കുടുംബശ്രീക്ക് സാധിക്കുമെന്നും പരാജയപ്പെടുന്ന സംരംഭകരുടെ പ്രശ്നങ്ങൾ പഠിക്കാനുള്ള സംവിധാനവും കുടുംബശ്രീയിൽത്തന്നെ രൂപീകരിക്കണമെന്നും ഡോ. ബിനിത തമ്പി പറഞ്ഞു.

ടൂറിസംമേഖലയിലൂടെ കുടുംബശ്രീ സംരംഭകർക്കുണ്ടാകുന്ന വിപണന സാധ്യതകൾ ഏറെയാണ്. അത് ഉപയോഗപ്പെടുത്താനാകണമെന്ന് ഗീതു മോഹൻദാസ് വ്യക്തമാക്കി.

ഒന്നാംസ്ഥാനം എസ് നിതിന്

തിരുവനന്തപുരം

കുടുംബശ്രീ രജതജൂബിലിയോടനുബന്ധിച്ച് നടത്തിയ ലോഗോ ടാഗ് ലൈൻ മത്സരത്തിൽ ഒന്നാംസ്ഥാനം പത്തനംതിട്ട സീതത്തോട് സ്വദേശി എസ് നിതിന്.

ദേശാഭിമാനി ഇൻഫോഗ്രാഫിക് ഡിസൈനറാണ്. കൃഷിവകുപ്പിന്റെ ലോഗോ പുരസ്കാരം, കെഐഡിസി ലോഗോ പുരസ്കാരം, സിഐടിയു 50–ാം വാർഷികം ലോഗോ പുരസ്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്.

ബുധൻ പകൽ 3.30ന് പുത്തരിക്കണ്ടം മൈതാനിയിൽ നടക്കുന്ന രജതജൂബിലി സമാപനാഘോഷത്തിൽ സമ്മാനം നൽകും.

ഉയരട്ടെ പെൺപെരുമ..
ആഘോഷ വേദിയിൽ മലപ്പുറം അമരമ്പലം പഞ്ചായത്തിലെ സംഘചേതന അയൽക്കൂട്ടത്തിലെ പ്രവർത്തകർ അവതരിപ്പിച്ച നൃത്തം

ഇവിടെയുണ്ട് 'ഇതൾ' ഉൽപ്പന്നങ്ങൾ

ഇതൾ ഉൽപ്പന്നമായ നോട്ട്പാഡും പേനയും

തിരുവനന്തപുരം

ബഡ്സ് സ്കൂൾ വിദ്യാർഥികളുടെ ഉൽപ്പന്നങ്ങൾ ബ്രാൻഡായി വിപണിയിലെത്തിച്ച് കുടുംബശ്രീ. വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ഉൽപ്പന്നങ്ങൾ 'ഇതൾ' എന്ന പേരിലാണ് കുടുംബശ്രീ ജില്ലാ മിഷൻ വിപണിയിലെത്തിച്ചത്. കുടുംബശ്രീയുടെ രജതജൂബിലി സമാപനചടങ്ങിലെത്തുന്ന പ്രതിനിധികൾക്ക് നൽകുന്ന കിറ്റിലാണ് ഇതൾ നോട്ട്പാഡും പേപ്പർ പേനയും ഇടംപിടിച്ചത്.

ഉൽപ്പന്നങ്ങൾക്ക് ഏകീകൃത രൂപം നൽകാൻ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പരിശീലനവും നൽകിയിരുന്നു.

പേനകൾ, സോപ്പ്, ചെരുപ്പ്, ക്ലീനിങ് ഉൽപ്പന്നങ്ങളായ ഹാൻഡ് വാഷ്, ഡിഷ് വാഷ്, കാർ ഷാംപൂ തുടങ്ങിയവ അടക്കം ബഡ്സ് സ്കൂളുകളിൽ നിർമിക്കുന്നു. പേനയും നോട്ട്പാഡും അടക്കമുള്ള സ്റ്റേഷനറി ഉൽപ്പന്നങ്ങൾ ഗിഫ്റ്റ് ഹാമ്പറായി പുറത്തിറക്കാനും പദ്ധതിയുണ്ട്. ഇതൾ വിജയം നേടുന്നതോടെ പദ്ധതി സംസ്ഥാനവ്യാപകമാക്കും.

ഗുസ്തി താരങ്ങൾക്ക് ഐക്യദാർഢ്യവുമായി വനിതാ സാഹിതി

തിരുവനന്തപുരം

ഡൽഹിയിൽ സമരംചെയ്യുന്ന ഗുസ്തി താരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വനിതാ സാഹിതി. പ്രായപൂർത്തിയാകാത്ത കുട്ടികളെ പീഡിപ്പിച്ച ബിജെപി എംപി കേന്ദ്രഭരണത്തിന്റെ തണലിൽ നിയമത്തെ നോക്കുത്തിയാക്കുകയാണ്.

സമരം ചെയ്യുന്ന താരങ്ങളെ ഭീഷണിപ്പെടുത്തി അവരുടെ പരാതി പിൻവലിക്കാൻ ഗൂഢശ്രമം നടക്കുകയാണ്. രാജ്യത്തിന്റെ അഭിമാന താരങ്ങൾക്ക് ആവശ്യമായ സംരക്ഷണം നൽകണമെന്നും കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്നും വനിതാ സാഹിതി സംസ്ഥാന പ്രസിഡന്റ് വി സീതമ്മാളും സെക്രട്ടറി പി എൻ സരസമ്മയും ആവശ്യപ്പെട്ടു.

കാസർകോട്-മംഗളൂരു വിദ്യാർഥികൾക്ക് സീസൺ ടിക്കറ്റുമായി കെഎസ്ആർടിസി

തിരുവനന്തപുരം

കാസർകോട് ജില്ലയുമായി അതിർത്തി പങ്കിടുന്ന കർണാടകയിലെ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് സീസൺ ടിക്കറ്റ് മാത്രകയിൽ യാത്രാ കൺസഷൻ സൗകര്യമൊരുക്കി കെഎസ്ആർടിസി. 30 ശതമാനം നിരക്ക് ഇളവിലാണ് ടിക്കറ്റ് നൽകുക.

വിദ്യാർഥികൾക്ക് ഇതുപ്രകാരം പ്രത്യേക കാർഡ് നൽകും. ആദ്യ തവണ കാർഡ് വിലയായി 100 രൂപ നൽകണം. 100 രൂപ മുതൽ 2000 രൂപ വരെ റീ ചാർജ് ചെയ്യാം. ഓരോ യാത്രയുടെ തുകയും 30 ശതമാനം ഇളവ് ചെയ്യും. കാർഡ് കൈമാറ്റം ചെയ്യാതിരിക്കാൻ വിദ്യാർഥിയുടെ ഐഡി കാർഡ് നമ്പരും ഫോട്ടോയും രേഖപ്പെടുത്തും.

എൻജിഒ യൂണിയൻ വജ്ര ജൂബിലി

ഇന്ന് പതാകദിനം

തിരുവനന്തപുരം

എൻജിഒ യൂണിയൻ വജ്ര ജൂബിലി സമ്മേളന പതാകദിനം ചൊവ്വാഴ്ച നടക്കും. സംസ്ഥാനത്തെ 142 ഏരിയ കേന്ദ്രങ്ങളിലും രാവിലെ പ്രസിഡന്റുമാർ പതാക ഉയർത്തും. സംഘടനാ നേതാക്കൾ സംസാരിക്കും.

വൈകിട്ട് ജില്ലാ കേന്ദ്രങ്ങളിൽ സമ്മേളന പ്രചാരണാർഥം വിളംബരജാഥ സംഘടിപ്പിക്കും. സാംസ്കാരിക സദസ്സുകളിൽ കലാസാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾ പങ്കെടുക്കും. 'നവകേരളം ജനപക്ഷ സിവിൽ സർവീസ്' മുദ്രാവാക്യം മുൻനിർത്തി സംഘടിപ്പിക്കുന്ന വജ്ര ജൂബിലി സമ്മേളനം 27 മുതൽ 30 വരെ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും.

നവജാത ശിശുക്കൾ 'ശലഭ'മായി പറക്കും

രോഗനിർണയവും ചികിത്സയും ഉറപ്പാക്കി ആരോഗ്യവകുപ്പിന്റെ ശലഭം പദ്ധതി

സ്വന്തം ലേഖിക
തിരുവനന്തപുരം

ആരോഗ്യം നിറഞ്ഞ കുഞ്ഞുതലമുറയ്ക്കായി ആവിഷ്കരിച്ച 'ശലഭം' പദ്ധതിയിലൂടെ 19 ലക്ഷം പരിശോധന നടത്തി ആരോഗ്യവകുപ്പ്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന നവജാത ശിശുക്കളുടെ സമഗ്ര ആരോഗ്യ പരിശോധനയാണ് പദ്ധതിയിലൂടെ നടത്തുന്നത്.

ശിശുക്കൾക്ക് എന്തെങ്കിലും രോഗമോ വൈകല്യമോ ഉണ്ടെങ്കിൽ കണ്ടെത്തുക മാത്രമല്ല, ചികിത്സ ഉറപ്പാക്കി ആരോഗ്യപൂർണമായ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുകയാണ് ഈ സൗജന്യ പദ്ധതിയുടെ ലക്ഷ്യം. ഇതുവരെ 19,12,780 പരിശോധന നടത്തി. ജനിച്ച ഉടനെയും പിന്നീടും ആശുപത്രികളിൽ നടത്തുന്ന സ്ക്രീനിങ് വഴി 1,27,054 പരിശോധനയും ഫീൽഡ് തലത്തിൽ നടത്തുന്ന ആർബിഎസ്കെ സ്ക്രീനിങ് വഴി 17,85,726 പരിശോധനയും പൂർത്തിയാക്കി. കുഞ്ഞ് ജനിച്ച് 24 മണിക്കൂറിനുള്ളിൽ നടത്തുന്ന ജനന വൈകല്യ പരിശോധന, ജനിതക പരമോ ഹോർമോൺ സംബന്ധമായോ ഉള്ള അപാകം കണ്ടെത്തുന്നതിനുള്ള മെറ്റബോളിക് സ്ക്രീനിങ് (ഐഇഎം), പൾസ് ഓക്സിമെട്രി സ്ക്രീനിങ്, ശ്വാസകോശത്തിന്റെയും ഹൃദയത്തിന്റെയും പ്രവർത്തനങ്ങൾ പരിശോധിക്കുന്ന ഫങ്ഷണൽ സ്ക്രീനിങ്, കാഴ്ച പരിശോധനയ്ക്കുള്ള ആർഒപി സ്ക്രീനിങ്, കേൾവി പരിശോധിക്കുന്നതിനുള്ള ഓട്ടോ എക്വസ്റ്റിക് എമിഷൻ സ്ക്രീനിങ് (ഒഎഇ), ന്യൂറോ ഡെവലപ്മെന്റ് വൈകല്യങ്ങൾ തിരിച്ചറിയുന്നതിനുള്ള സ്ക്രീനിങ് എന്നിവയാണ് പരിശോധന.

4629 കുട്ടികളിൽ വൈകല്യ സാധ്യത

തിരുവനന്തപുരം

1,23,515 നവജാത ശിശുക്കളിൽ നടത്തിയ ജനന വൈകല്യ പരിശോധനയിൽ 4629 കുട്ടികൾക്ക് വൈകല്യ സാധ്യത സ്ഥിരീകരിച്ചിട്ടുണ്ട്. 1,21,100 കുട്ടികളിൽ നടത്തിയ പൾസ് ഓക്സിമെട്രി സ്ക്രീനിങ്ങിൽ 835 പേർക്കും 1,24,319 കുട്ടികളിൽ നടത്തിയ ഹൃദയ ശാരീരിക പരിശോധനയിൽ 4761 പേർക്കും രോഗസാധ്യത കണ്ടെത്തി. കേൾവി പരിശോധനയ്ക്കുള്ള ഓട്ടോ എക്വസ്റ്റിക് എമിഷൻ സ്ക്രീനിങ് വഴി 6716 കുട്ടികളിൽ കേൾവി വൈകല്യ സാധ്യതയും ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്താൻ നടത്തുന്ന ഐഇഎം പരിശോധനയിൽ 2155 കുട്ടികളിൽ വൈകല്യ സാധ്യതയും കണ്ടെത്താനായി.

ഇവർക്ക് തുടർ ചികിത്സയും ഉറപ്പാക്കി. ആശുപത്രികളിലും ഫീൽഡ് തലത്തിലും പീഡിയാട്രിഷ്യന്റെയോ മെഡിക്കൽ ഓഫിസറുടെയോ നേതൃത്വത്തിലാണ് പരിശോധനാ സംഘം പ്രവർത്തിക്കുന്നത്. ഫീൽഡുതല പരിശോധനയ്ക്ക് 1174 നഴ്സുമാർക്കാണ് ചുമതല.

അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്

'കേരളത്തിലെ കൃഷി' സെമിനാർ തൃശൂരിൽ

തൃശൂർ

അഞ്ചാമത് കേരള പഠന കോൺഗ്രസിന്റെ മുന്നോടിയായി തൃശൂരിൽ സംഘടിപ്പിച്ചിട്ടുള്ള 'കേരളത്തിലെ കൃഷി' സെമിനാർ ശനിയാഴ്ച രാവിലെ കൃഷിമന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. തൃശൂർ പാട്ടുരായ്ക്കലിലെ ദേവമാതാ പബ്ലിക് സ്കൂളിൽ 20, 21, 22 തീയതികളിലായാണ് സെമിനാർ. എ കെ ജി പഠന ഗവേഷണകേന്ദ്രവും സി ഒ പൗലോസ് മാസ്റ്റർ സ്മാരക പഠന ഗവേഷണ കേന്ദ്രവും സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നതെന്ന് ഡോ. ടി എം തോമസ് ഐസക് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി കെ രാമചന്ദ്രൻ അധ്യക്ഷനാകും. 2004– 16 കാലത്ത് വിയത്നാമിലെ കൃഷിമന്ത്രിയും നിലവിൽ മനില അന്തർദേശീയ നെല്ല് ഗവേഷണ കേന്ദ്രം ട്രസ്റ്റി ബോർഡ് ചെയർമാനുമായ ഡോ. കാവോ ഡുക്ക് ഫാട്ട് മുഖ്യ പ്രഭാഷണം നടത്തും. എസ് രാമചന്ദ്രൻപിള്ള, കേരള കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ബി അശോക്, മന്ത്രിമാരായ കെ രാധാകൃഷ്ണൻ, ഡോ. ആർ ബിന്ദു, മേയർ എം കെ വർഗീസ്, എം എം വർഗീസ്, പ്ലാനിങ് ബോർഡ് അംഗം ഡോ. ആർ രാംകുമാർ എന്നിവർ സംസാരിക്കും.

മുൻകൂട്ടിയുള്ള രജിസ്ട്രേഷനും സ്പോട്ട് രജിസ്ട്രേഷനും ഉണ്ടാകും. വിദ്യാർഥികൾക്ക് 250 രൂപയും സ്ഥാപനങ്ങൾക്ക് 2000 രൂപയും മറ്റുള്ളവർക്ക് 500 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്റ്റർ ചെയ്യുന്നവർക്ക് മൂന്ന് വാല്യമുള്ള സെമിനാർ കിറ്റും ഭക്ഷണവും ലഭ്യമാണ്.

വാർത്താസമ്മേളനത്തിൽ സംഘാടകസമിതി ചെയർമാൻ എം എം വർഗീസ്, കൺവീനർ എ സി മൊയ്തീൻ, അക്കാദമിക് സമിതി കൺവീനർ ഡോ. എ പ്രേമ എന്നിവരും പങ്കെടുത്തു. സംഘാടകസമിതി ഓഫീസ് തൃശൂർ എൻജിഒ യൂണിയൻ ഓഫീസിൽ എം എം വർഗീസ് ഉദ്ഘാടനം ചെയ്തു.

പെൺകുട്ടിയെ മോശമായി ചിത്രീകരിച്ചു

വിനു വി ജോണിനും റോയ് മാത്യുവിനുമെതിരെ അന്വേഷണം നടത്താൻ ബാലാവകാശ കമീഷൻ

സ്വന്തം ലേഖകൻ
തിരുവനന്തപുരം

ചാനൽ ചർച്ചയ്ക്കിടെ പെൺകുട്ടിക്കെതിരെ മോശം പരാമർശം നടത്തിയ സംഭവത്തിൽ അന്വേഷിച്ച് നടപടിയെടുക്കാൻ ബാലാവകാശ കമീഷൻ നിർദേശം. 2021 ഒക്ടോബർ ഏഴിന് രാത്രി എട്ടിന് ഏഷ്യാനെറ്റ് ന്യൂസിലെ ചർച്ചയിൽ പെൺകുട്ടിക്കെതിരെ പരാമർശം നടത്തിയതിനാണ് സീനിയർ ന്യൂസ് എഡിറ്റർ വിനു വി ജോൺ, മാധ്യമപ്രവർത്തകൻ റോയ് മാത്യു എന്നിവർക്കെതിരെ തുടർനടപടി സ്വീകരിക്കാൻ കമീഷൻ ഉത്തരവിട്ടത്.

മാധ്യമങ്ങളിൽ ശിശുവിരുദ്ധ പരാമർശം വരാതിരിക്കാൻ മാധ്യമപ്രവർത്തകർക്കും സമൂഹ മാധ്യമപ്രവർത്തകർക്കും പോക്സോ, ബാലനീതി നിയമങ്ങളിൽ പരിശീലനം നൽകാൻ കമീഷൻ പൊലീസ് മേധാവിക്ക് നിർദേശം നൽകി. അധ്യക്ഷൻ കെ വി മനോജ്കുമാർ, അംഗങ്ങളായ പി പി ശ്യാമളാദേവി, ബി ബബിത എന്നിവരടങ്ങിയ ഫുൾബെഞ്ചിന്റേതാണ് ഉത്തരവ്.ചാനൽ ചർച്ചയിലുടനീളം പരാതിക്കാരിയുടെ മകൾ പങ്കെടുത്ത പരിപാടിയുടെ ദൃശ്യങ്ങൾ കാണിക്കുകയും കുട്ടിയെക്കുറിച്ച് വളരെ മോശം പരാമർശം നടത്തുകയും രക്ഷിതാവിന്റെ വിവരങ്ങൾ പറയുകയും ചെയ്തുവെന്ന് കമീഷൻ വിലയിരുത്തി. പോക്സോ നിയമത്തിലെ കുറ്റകൃത്യങ്ങൾ ഒരു മാപ്പപേക്ഷയിൽ തീർപ്പാക്കാനാകില്ല. പരാതിയിൽ കേസെടുക്കാത്തത് വീഴ്ചയാണ്.

എറണാകുളം ബോൾഗാട്ടി പാലസിൽ നടന്ന കുടുംബസംഗമത്തിൽ പരാതിക്കാരിയുടെ ഭർത്താവിന്റെ ജന്മദിനത്തിന്റെ ഭാഗമായി കുട്ടി കേക്ക് മുറിച്ചു. ഒരു കേസിലെ പ്രതിയുടെ സാന്നിധ്യം ചൂണ്ടിക്കാട്ടി ചാനൽ നടത്തിയ ചർച്ചയിൽ ഭർത്താവിന് വിവാദ വ്യക്തിയുമായി ബന്ധമുണ്ടെന്ന് വരുത്താൻ ശ്രമിക്കുകയും ചെയ്തു. ചർച്ചയിൽ പങ്കെടുത്ത റോയ് മാത്യു കുട്ടിയുടെ പിതൃത്വത്തെ ചോദ്യം ചെയ്തു. ഈ പ്രസ്താവനയെ അവതാരകൻ പിന്തുണച്ചത് കുട്ടിയെ അപമാനിക്കുന്നതാണെന്നുമുള്ള പരാതി പരിഗണിച്ചാണ് കമീഷൻ കേസെടുത്തത്.

എറണാകുളം മേഖലയിൽ 21, 22 തീയതികളിൽ നിരവധി ട്രെയിനുകൾ റദ്ദാക്കി

തിരുവനന്തപുരം

ആലുവ– അങ്കമാലി സെക്ഷനിൽ അറ്റകുറ്റപ്പണിയും നിർമാണ പ്രവൃത്തിയും നടക്കുന്നതിനാൽ 20 മുതൽ 22 വരെ ട്രെയിൻ നിയന്ത്രണം. മംഗളൂരു സെൻട്രൽ –നാഗർകോവിൽ പരശുറാം എക്സ്പ്രസ്(16649) 20നും തിരികെയുള്ള പരശുറാം എക്സ്പ്രസ് (16650), കൊച്ചുവേളി–ലോകമാന്യതിലക് ഗരീബ്രഥ് (12202), കൊച്ചുവേളി–നിലമ്പൂർ റോഡ് രാജ്യറാണി എക്സ്പ്രസ്(16349), തിരുവനന്തപുരം സെൻട്രൽ–മധുര അമൃത എക്സ്പ്രസ്(16343) എന്നിവ 21 നും ലോക്മാന്യതിലക് ടെർമിനൽ – കൊച്ചുവേളി ഗരീബ്രഥ് (12201), നിലമ്പൂർ റോഡ്– കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് (16350), മധുര –തിരുവനന്തപുരം സെൻട്രൽ അമൃത എക്സ്പ്രസ് (16344)എന്നിവ 22 നും റദ്ദാക്കി.

ഭാഗികമായി റദ്ദാക്കിയവ

21ന് തിരുവനന്തപുരം സെൻട്രൽ–ഷൊർണ്ണൂർ വേണാട് എക്സ്പ്രസ് (16302) എറണാകുളത്ത് യാത്ര അവസാനിപ്പിക്കും. വേണാട് തിരികെ (16301) എറണാകുളം–ഹസ്രത്ത് നിസാമുദീൻ മംഗള സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് (12617) തൃശൂരിൽ നിന്നുമായിരിക്കും പുറപ്പെടുക. അന്ന് പാലക്കാട് –എറണാകുളം മെമു (06797) ചാലക്കുടിയിൽ യാത്ര അവസാനിപ്പിക്കും. തിരികെയുള്ള മെമു (06798) ചാലക്കുടിയിൽ നിന്ന് പുറപ്പെടും.

22ന് ഗുരുവായൂർ –ചെന്നൈ എഗ്മൂർ എക്സ്പ്രസ് (16128) 22ന് എറണാകുളത്തുനിന്നാകും പുറപ്പെടുക. ചെന്നൈ എഗ്മൂർ–ഗുരുവായൂർ എക്സ്പ്രസ് (16127) എറണാകുളം ജങ്ഷനിൽ യാത്ര അവസാനിപ്പിക്കും. കണ്ണൂർ– എറണാകുളം എക്സ്പ്രസ് (16306) 22ന് തൃശൂരിൽ യാത്ര അവസാനിപ്പിക്കും. ഈദിവസങ്ങളിൽ നിരവധി ട്രെയിനുകൾ വൈകും. ചിലട്രെയിനുകൾ വഴി തിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

വിചാരണ നടപടികൾ തുടങ്ങി

കൊച്ചി

യൂണിടാക് കോഴക്കേസിൽ വിചാരണ നടപടികൾ തുടങ്ങി. ഒന്നാം പ്രതി എം ശിവശങ്കർ, ഏഴാം പ്രതി സന്തോഷ് ഈപ്പൻ എന്നിവരെ കലൂരിലെ പിഎംഎൽഎ കോടതിയിൽ ഹാജരാക്കി. കേസ് ജൂൺ 23ലേക്ക് മാറ്റി. സ്വപ്ന സുരേഷാണ് കേസിൽ രണ്ടാം പ്രതി.

കെഎസ്ഇഎ സുവർണ ജൂബിലി സമ്മേളനത്തിന് പതാക ഉയർന്നു

- സംസ്ഥാന കൗൺസിൽ ഇന്ന്
- സമ്മേളനം നാളെ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

സ്വന്തം ലേഖകൻ
തിരുവനന്തപുരം

സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ (കെഎസ്ഇഎ) സുവർണ ജൂബിലി സമ്മേളനത്തിന് പതാക ഉയർന്നു. പതാക, കൊടിമര ജാഥകൾ തിങ്കൾ വൈകിട്ട് സമ്മേളന നഗരിയായ എ കെ ജി ഹാളിനു സമീപം സംഗമിച്ചു. തുടർന്ന് പ്രസിഡന്റ് പി ഹണി പതാക ഉയർത്തിയതോടെ സമ്മേളനത്തിന് തുടക്കമായി.

അസോസിയേഷൻ സ്ഥാപക പ്രസിഡന്റായ സി ജെ ജോസഫിന്റെ കണ്ണാശുപത്രിക്കു സമീപമുള്ള വസതിയിൽനിന്നാണ് കൊടിമരജാഥ പുറപ്പെട്ടത്. ജനറൽ സെക്രട്ടറി കെ എൻ അശോക്കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വി കെ പ്രശാന്ത് എംഎൽഎ സെക്രട്ടറി നാഞ്ചല്ലൂർ ശശികുമാറിന് കൈമാറി. പതാകജാഥ മുൻ ജനറൽ സെക്രട്ടറി പി വിശ്വംഭരന്റെ ബേക്കറി ജങ്ഷനു സമീപത്തെ വസതിയിൽ നിന്ന് ആരംഭിച്ചു. ജി സ്റ്റീഫൻ എംഎൽഎ സെക്രട്ടറി നിഷാ ജാസ്മിന് പതാക കൈമാറി.

ചൊവ്വ രാവിലെ 10ന് അസോസിയേഷൻ സംസ്ഥാന കൗൺസിൽ എ കെ ജി ഹാളിൽ ആരംഭിക്കും. ജനറൽ സെക്രട്ടറി കെ എൻ അശോക്കുമാർ ഉദ്ഘാടനം ചെയ്ത് റിപ്പോർട്ട് അവതരിപ്പിക്കും. ടഷറർ കല്ലുവിള അജിത് കണക്ക് അവതരിപ്പിക്കും.

ബുധൻ രാവിലെ 10.30ന് സെക്രട്ടറിയറ്റിൽനിന്ന് പ്രകടനം (ക്യാന്റീൻ പരിസരം) ആരംഭിക്കും. 11.30ന് എ കെ ജി ഹാളിൽ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷനാകും. പകൽ മൂന്നിന് എ കെ ജി ഹാളിൽ നടക്കുന്ന കുടുംബസംഗമത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളന നഗരിയിൽ പ്രസിഡന്റ് പി ഹണി പതാക ഉയർത്തുന്നു

സുരേന്ദ്രൻ സ്മാരക പുരസ്കാരം ചിത്രസേനനും സിജാറാണിക്കും

തിരുവനന്തപുരം

പൂവത്തൂർ ചിത്രസേനൻ

ആർ എസ് സിജാറാണി

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സാംസ്കാരിക വിഭാഗമായ 'രചന'യുടെ സുരേന്ദ്രൻ സ്മാരക സാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കവിതാ വിഭാഗത്തിൽ പൂവത്തൂർ ചിത്രസേനന്റെ 'ഒരു തരു തടു'വും കഥാവിഭാഗത്തിൽ ആർ എസ് സിജാറാണിയുടെ 'മേഘരൂപികളുടെ പ്രാർഥന' യുമാണ് പുരസ്കാരത്തിനർഹമായത്. സമ്മേളനത്തോടനുബന്ധിച്ച് ബുധൻ പകൽ മൂന്നിന് എ കെ ജി ഹാളിൽ നടക്കുന്ന കുടുംബസംഗമത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.